1.

# പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം :4747 — 19.05.2017-ൽ മറുപടിയ്ക്ക്

**കാവുകൾ സംരക്ഷിക്കുന്നതിന് നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മുല്ലക്കര രത്നാകരൻ | ശ്രീ. അഡ്വ: കെ. രാജു (വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| **കേരളത്തിലെ കാവുകൾ സംരക്ഷിക്കുന്നതിന് വനം വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?** | കാവ് സംരക്ഷണത്തിനായി സർക്കാർ ഉത്തരവ് (സാ.ധാ.) നം. 485/2016/വനം- തീയതി 24.12.2016 പ്രകാരം കാവിന്റെ ഉടമസ്ഥർക്ക് ധനസഹായം നൽകുന്ന പദ്ധതി നിലവിലുണ്ട് . ഓരോ ജില്ലയിലും പ്രത്യേകമായി അപേക്ഷ ക്ഷണിക്കുകയും അവ പരിശോധിച്ച് വലുതും ജൈവവൈവിദ്ധ്യ മൂല്യവുമുള്ള കാവുകളെ തെരഞ്ഞെടുത്ത് , ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ധനസഹായം നൽകുകയാണ് ചെയ്യുന്നത്. ഈ ഫണ്ട് ഉപയോഗിച്ച് കാവിന്റെ ചുറ്റുമതിൽ നിർമ്മാണം , അതിലെ കുളങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾ , മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ എന്നിവ നടത്തി വരുന്നു. ദീർഘ കാലാടിസ്ഥാനത്തിലുള്ള ധനസഹായ ത്തിനായി കാവിന്റെ ഉടമകൾ സൂക്ഷ്മാസൂത്രണ രേഖ തയ്യാറാക്കി സമർപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ടി സർക്കാർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ച് സംസ്ഥാന തല വിദഗ്ധ സമിതിയുടെ തീരുമാനപ്രകാരം വനം വകുപ്പ് ആദ്യഗഡുവായി 25,000/- രൂപ അഥവാ അംഗീകൃത പദ്ധതിയുടെ 10% (ഇതിലേതാണോ കുറവ്) തുക ധനസഹായം നൽകുന്നതാണ്. പിന്നീട് |

വൗച്ചറുകളും രേഖകളും നൽകുന്ന മുറയ്ക്ക് ബാക്കി ഗഡുക്കൾ നൽകി വരുന്നു. കൂടാതെ 25,000/- രൂപയോ അതിൽ കുറവോ പദ്ധതി ചെലവിനായി വരുന്നവയ്ക്ക് മുഴുവൻ തുകയും മതിയായ വൗച്ചറുകൾ സമർപ്പിക്കുന്ന മുറയ്ക്ക് നൽകുന്നു.

സെക്ഷൻ ഓഫീസർ